# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം
30-03-2015

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: ടെർമിനൽ ലീവ്സറണ്ടർ കമ്മ്യൂട്ടേഷൻ ഇൻകംടാക്സ് സംബന്ധിച്ച്.
സൂചന: ഞങ്ങളുടെ കത്ത് തീയതി 15.10.2014, 19.2.2015

ടെർമിനൽ ലീവ്സറണ്ടർ, കമ്മ്യൂട്ടേഷൻ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ആയിരുന്ന കാലത്ത് ഇൻകംടാക്സ് ഈടാക്കിയിരുന്നില്ല. എന്നാൽ ഇപ്പോൾ ചില ഉദ്യോഗസ്ഥർ ടാക്സ് ഈടാക്കാനുള്ള നീക്കം നടത്തുന്നതായി അറിയുന്നു. ഇതുസംബന്ധിച്ച് കോൺഫെഡറേഷൻ മുമ്പ് നൽകിയ കത്ത് പ്രകാരം KSEBL ഈ വിഷയം സെൻട്രൽ ബോർഡ് ഒഫ് ഡയറക്ട് ടാക്സ് (CBDT) ന്റെ ഉപദേശം തേടിയിരിക്കുകയാണ്.

KSEB ആയിരുന്നപ്പോൾ ഈടാക്കാതിരുന്ന ടാക്സ് KSEBL ആയപ്പേൾ ഈടാക്കാൻ ശ്രമിക്കുന്നത് നിയമവിരുദ്ധമാണ്. KSEB ആയിരുന്നപ്പോൾ ഉണ്ടായിരുന്ന സ്റ്റാറ്റസ് ഇപ്പോഴും നിലനിൽക്കുന്നു. കമ്പനിയായതിന്റെ പേരിൽ ടാക്സ് പിടിക്കണമെന്നുള്ള യാതാരു ഉത്തരവും പുറത്തിറക്കിയിട്ടില്ല.

റിട്ടയർ ചെയ്ത ബോർഡ് മെമ്പർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത് WRIT പ്രകാരമുള്ള കോടതി തീരുമാനത്തിൽ പറഞ്ഞിരിക്കുന്നത് ടാക്സ് ഇനത്തിൽ തുക ഡിഡക്ട് ചെയ്യരുതെന്നും ടാക്സിന് തുല്യമായ തുക ഡിഡക്ട് ചെയ്ത് ബോർഡിൽ സൂക്ഷിക്കണമെന്നുമാണ്.

ആയതിനാൽ മുകളിൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് ടാക്സ് ഈടാക്കാനുള്ള തീരുമാനം നടപ്പാക്കരുതെന്ന് ARU തലത്തിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഹൈക്കോടതി വിധി പ്രകാരം ഡിഡക്ട് ചെയ്തുവയ്ക്കുന്ന തുക പ്രത്യേക അക്കൗണ്ട് ഹെഡിൽ അക്കൗണ്ട് ചെയ്യുന്നതിലേയ്ക്കായി പ്രത്യേക അക്കൗണ്ട് ഹെഡ് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Sibykutty

ജനറൽ സെക്രട്ടറി